"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - മ്യൂസിയം മൃഗശാല വകുപ്പ് - സൂപ്രണ്ടുമാരെ സെക്ഷൻ മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.291/2026/CLAD തീയതി,തിരുവനന്തപുരം, 12-05-2026

പരാമർശം:- മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ 09.08.2024, 07.02.2026 തീയതികളിലെ E/95498/MZ/794/2024-A നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം മൃഗശാല സെക്ഷൻ സൂപ്രണ്ടായി ജോലി ചെയ്യുന്ന ശ്രീ രാജേഷ് വി യ്ക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതിനാൽ ടിയാന് വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളിലേക്ക് സെക്ഷൻ മാറ്റി നിയമിക്കണമെന്നാവശ്യപ്പെട്ടുക്കൊണ്ട് മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. തൃശൂർ മൃഗശാലയിലെ മൃഗങ്ങളെ പുത്തൂരിലേയ്ക്ക് മാറ്റിയ സാഹചര്യത്തിലും, ശ്രീ രാജേഷ് വി യുടെ അപേക്ഷ പരിഗണിച്ചുകൊണ്ടും വകുപ്പിന്റെ ഭരണപരമായ സൗകര്യത്തിനും സുഗമമായ പ്രവർത്തനത്തിനായും ശ്രീ രാജേഷ് വി. യെ എഡ്യൂക്കേഷണൽ ഓഫീസറുടെ അധിക ചുമതലയോടെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിലേയ്ക്കും, തൃശൂർ സ്റ്റേറ്റ് മ്യൂസിയം സൂപ്രണ്ട് ശ്രീ അനിൽകുമാർ ടി.വി.-യെ തിരുവനന്തപുരം മൃഗശാലയിലേയ്ക്കും, നിലവിൽ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ സൂപ്രണ്ടും എഡ്യൂക്കേഷണൽ ഓഫീസറുടെ അധിക ചുമതലയും ഉള്ള ശ്രീമതി. വിജയലക്ഷ്മി പി.വി.-യെ ബൊട്ടാണിക്കൽ ഗാർഡനിലേയ്ക്കും സെക്ഷൻ മാറ്റി നിയമിക്കണമെന്ന് മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ പരാമർശ കത്തുകൾ പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ തിരുവനന്തപുരം മൃഗശാല സെക്ഷൻ സൂപ്രണ്ടായ ശ്രീ രാജേഷ് വി. യെ എഡ്യൂക്കേഷണൽ ഓഫീസറുടെ അധിക ചുമതലയോടെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിലേയ്ക്കും, നിലവിൽ സ്റ്റേറ്റ് മ്യൂസിയം തൃശൂർ സൂപ്രണ്ട് ആയ ശ്രീ അനിൽകുമാർ ടി.വി.-യെ തിരുവനന്തപുരം മൃഗശാലയിലേയ്ക്കും, നിലവിൽ എഡ്യൂക്കേഷണൽ ഓഫീസറുടെ അധിക ചുമതലയുള്ള നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ സൂപ്രണ്ട് ശ്രീമതി വിജയലക്ഷ്മി

പി.വി.-യെ ബൊട്ടാണിക്കൽ ഗാർഡനിലേയ്ക്കും സെക്ഷൻ മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം
ശ്രീ രാജേഷ് വി, സൂപ്രണ്ട് തിരുവനന്തപുരം മൃഗശാല (ഡയറക്ടർ മുഖേന)
ശ്രീമതി. വിജയലക്ഷ്മി പി.വി, സൂപ്രണ്ട് നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം (ഡയറക്ടർ മുഖേന)
ശ്രീ അനിൽകുമാർ ടി.വി, സൂപ്രണ്ട് സ്റ്റേറ്റ് മ്യൂസിയം തൃശൂർ (ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ, ഐ & പി. ആർ. ഡി
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahini H
Date: 12-05-2026 12:52:59
സെക്ഷൻ ഓഫീസർ